**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 209** **04-03-2025 - ൽ മറുപടിയ്ക്ക്**

**ശബരിമല മാസ്റ്റർപ്ലാൻ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | അടിസ്ഥാനസൗകര്യ വികസനം ലക്ഷ്യമിട്ട് നടപ്പാക്കിവരുന്ന ശബരിമല മാസ്റ്റർപ്ലാൻ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ശബരിമല തീർത്ഥാടനത്തിന് എത്തിച്ചേരുന്ന തീർത്ഥാടകർക്ക് സംതൃപ്തമായ തീർത്ഥാടന അനുഭവം നൽകുന്നതിനാവശ്യമായ സ്ഥായിയായ അടിസ്ഥാന സൗകര്യ വികസനം, പരിസ്ഥിതി സംരക്ഷണം എന്നിവ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ 03/05/2007-ലെ ജി.ഒ.(എം.എസ്) 146/2007/RD നമ്പർ ഉത്തരവ് പ്രകാരം ശബരിമല മാസ്റ്റർ പ്ലാനിന് സർക്കാർ അംഗീകാരം നൽകി. ശബരിമല, പമ്പ, പരമ്പരാഗത പാത, നിലയ്ക്കൽ എന്നിവയുടെ സമഗ്ര വികസനമാണ് 2050 വരെയുള്ള വികസന പദ്ധതികൾ മുൻകൂട്ടി കണ്ടുകൊണ്ട് തയ്യാറാക്കിയ ശബരിമല മാസ്റ്റർപ്ലാൻ ലക്ഷ്യമിടുന്നത്. ശബരിമല മാസ്റ്റർപ്ലാൻ പ്രവർത്തികൾ ആരംഭിച്ച 2011-2012 മുതൽ നാളിതുവരെ 148.5 കോടിയോളം രൂപ സർക്കാർ വിവിധ വികസന പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്. ശബരിമല മാസ്റ്റർപ്ലാനിനെ ആധാരമാക്കി തയ്യാറാക്കിയ നിലയ്ക്കൽ ലേ ഔട്ട് പ്ലാനിന് 24.06.2020-ലും ശബരിമല സന്നിധാനം, പമ്പ & ട്രെക്ക് റൂട്ട് എന്നിവയുടെ ലേ ഔട്ട് പ്ലാനിന് 09.01.2025-ലും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.<br><br>ശബരിമല സന്നിധാനത്തിന്റെ വികസനത്തിനായി 2022-2027 വരെയുള്ള ആദ്യ ഘട്ടത്തിന് 600.47 കോടി രൂപയും 2028-2033 വരെയുള്ള രണ്ടാം ഘട്ടത്തിന് 100.02 കോടി രൂപയും 2034-2039 വരെയുള്ള മൂന്നാം ഘട്ടത്തിന് 77.68 കോടി രൂപയും ഉൾപ്പെടെ ആകെ 778.17 കോടി രൂപയാണ് ലേ ഔട്ട് പ്ലാൻ പ്രകാരം ചെലവ് കണക്കാക്കിയിരിക്കുന്നത്. |

ലേ ഔട്ട് പ്ലാൻ പ്രകാരം പമ്പയുടെ വികസനത്തിനായി 2022-2027 വരെയുള്ള ആദ്യ ഘട്ടത്തിന് 184.75 കോടി രൂപയും 2028-2033 വരെയുള്ള രണ്ടാം ഘട്ടത്തിന് 22.73 കോടി രൂപയും ഉൾപ്പെടെ ആകെ 207.48 കോടി രൂപയും ട്രെക്ക് റൂട്ടിന്റെ വികസനത്തിനായി 2022-2025 വരെയുള്ള ആദ്യ ഘട്ടത്തിന് 32.88 കോടി രൂപയും 2024-2026 വരെയുള്ള രണ്ടാം ഘട്ടത്തിന് 15.09 കോടി രൂപയും ഉൾപ്പെടെ ആകെ 47.97 കോടി രൂപയും ആണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. സന്നിധാനം, പമ്പ, ട്രെക്ക് റൂട്ട് എന്നിവയുടെ വികസനത്തിനായി ലേ ഔട്ട് പ്ലാനുകൾ പ്രകാരം ആകെ ചെലവ് കണക്കാക്കിയിരിക്കുന്നത് 1033.62 കോടി രൂപയാണ്.

**ശബരിമല റോപ് വേ പദ്ധതി**

ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതി പ്രകാരമുള്ള റോപ് വേ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ, നടത്തിപ്പ് എന്നിവ M/s EIGHTEENTH STEP DAMODAR CABLE CARS PRIVATE LIMITED എന്ന കമ്പനിയ്ക്ക് റവന്യൂ ഷെയർ അടിസ്ഥാനത്തിൽ നൽകി നിർമ്മാണ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. റോപ് വേ യാഥാർത്ഥ്യമാകുന്നതോടെ നിലവിൽ ട്രാക്ടറുകൾ ഉപയോഗപ്പെടുത്തി നടന്നുവരുന്ന, പമ്പയിൽ നിന്നും സന്നിധാനത്തേക്കും തിരിച്ചുമുള്ള ചരക്ക് നീക്കം പൂർണമായും റോപ് വേ ഉപയോഗപ്പെടുത്തിയാകും നടത്തുക. റോപ് വേ പദ്ധതിക്കായി പമ്പയ്ക്കും സന്നിധാനത്തിനും ഇടയിലുള്ള 4.5336 ഹെക്ടർ വനഭൂമി ഡൈവേർട്ട് ചെയ്യേണ്ടിവരുമെന്നതിനാൽ പ്രസ്തുത വനഭൂമിയ്ക്ക് പകരമായി പരിഹാരവനവത്കരണത്തിന് അനുയോജ്യമായ ഭൂമി ലഭിക്കാതെ പദ്ധതി അനിശ്ചിതത്വത്തിലാകും എന്ന സ്ഥിതി സംജാതമായപ്പോൾ പ്രശ്ന പരിഹാരത്തിനായി ബഹു. ദേവസ്വം വകുപ്പ് മന്ത്രി മുൻകൈയെടുത്ത് ബഹു. വനം വകുപ്പ് മന്ത്രിയുടെയും ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെയും കൂടി സാന്നിദ്ധ്യത്തിൽ സർക്കാർ തലത്തിൽ അഞ്ചോളം യോഗങ്ങൾ ചേരുകയും കൊല്ലം ജില്ലയിൽ കുളത്തുപ്പുഴയിൽ റവന്യൂ, വനം വകുപ്പുകൾക്ക് സ്വീകാര്യമായ ഭൂമി കണ്ടെത്തുകയും പ്രസ്തുത ഭൂമി പരിഹാരവനവത്കരണത്തിനായി അനുവദിച്ചുകൊണ്ട് 16.11.2024-ലെ സ.ഉ. (കൈ)നം.230/2024/റവ നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത ഉത്തരവും അനുബന്ധ വിശദാംശങ്ങളും പരിവേഷ് പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. വനം, വന്യജീവി ക്ലിയറൻസ് എന്നിവയ്ക്കായി സംയുക്ത

| | | | |
|---|---|---|---|
| | | | പരിശോധന നടത്തി തുടർനടപടികൾ സ്വീകരിച്ച് വരികയാണ്. |
| (ബി) | ശബരിമലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് മാസ്റ്റർപ്ലാനിന് അനുസൃതമായി ഒരു ലേ ഔട്ട് പ്ലാനിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ശബരിമല തീർത്ഥാടനത്തിന് എത്തിച്ചേരുന്ന തീർത്ഥാടകർക്ക് സംതൃപ്തമായ തീർത്ഥാടന അനുഭവം നൽകുന്നതിനാവശ്യമായ സ്ഥായിയായ അടിസ്ഥാന സൗകര്യ വികസനം, പരിസ്ഥിതി സംരക്ഷണം എന്നിവ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ 03/05/2007-ലെ ജി.ഒ.(എം.എസ്) 146/2007/RD നമ്പർ ഉത്തരവ് പ്രകാരം ശബരിമല മാസ്റ്റർ പ്ലാനിന് സർക്കാർ അംഗീകാരം നൽകി. ശബരിമല, പമ്പ, പരമ്പരാഗത പാത, നിലയ്ക്കൽ എന്നിവയുടെ സമഗ്ര വികസനമാണ് 2050 വരെയുള്ള വികസന പദ്ധതികൾ മുൻകൂട്ടി കണ്ടുകൊണ്ട് തയ്യാറാക്കിയ ശബരിമല മാസ്റ്റർപ്ലാൻ ലക്ഷ്യമിടുന്നത്. ശബരിമല മാസ്റ്റർപ്ലാൻ പ്രവർത്തികൾ ആരംഭിച്ച 2011-2012 മുതൽ നാളിതുവരെ 148.5 കോടിയോളം രൂപ സർക്കാർ വിവിധ വികസന പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്. ശബരിമല മാസ്റ്റർപ്ലാനിനെ ആധാരമാക്കി തയ്യാറാക്കിയ നിലയ്ക്കൽ ലേ ഔട്ട് പ്ലാനിന് 24.06.2020-ലും ശബരിമല സന്നിധാനം, പമ്പ & ട്രെക്ക് റൂട്ട് എന്നിവയുടെ ലേ ഔട്ട് പ്ലാനിന് 09.01.2025-ലും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.<br><br>ശബരിമല സന്നിധാനത്തിന്റെ വികസനത്തിനായി 2022-2027 വരെയുള്ള ആദ്യ ഘട്ടത്തിന് 600.47 കോടി രൂപയും 2028-2033 വരെയുള്ള രണ്ടാം ഘട്ടത്തിന് 100.02 കോടി രൂപയും 2034-2039 വരെയുള്ള മൂന്നാം ഘട്ടത്തിന് 77.68 കോടി രൂപയും ഉൾപ്പെടെ ആകെ 778.17 കോടി രൂപയാണ് ലേ ഔട്ട് പ്ലാൻ പ്രകാരം ചെലവ് കണക്കാക്കിയിരിക്കുന്നത്.<br><br>ലേ ഔട്ട് പ്ലാൻ പ്രകാരം പമ്പയുടെ വികസനത്തിനായി 2022-2027 വരെയുള്ള ആദ്യ ഘട്ടത്തിന് 184.75 കോടി രൂപയും 2028-2033 വരെയുള്ള രണ്ടാം ഘട്ടത്തിന് 22.73 കോടി രൂപയും ഉൾപ്പെടെ ആകെ 207.48 കോടി രൂപയും ട്രെക്ക് റൂട്ടിന്റെ വികസനത്തിനായി 2022-2025 വരെയുള്ള ആദ്യ ഘട്ടത്തിന് 32.88 കോടി രൂപയും 2024-2026 വരെയുള്ള രണ്ടാം ഘട്ടത്തിന് 15.09 കോടി രൂപയും ഉൾപ്പെടെ ആകെ 47.97 കോടി രൂപയും ആണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. സന്നിധാനം, പമ്പ, ട്രെക്ക് റൂട്ട് എന്നിവയുടെ വികസനത്തിനായി ലേ ഔട്ട് പ്ലാനുകൾ പ്രകാരം ആകെ ചെലവ് കണക്കാക്കിയിരിക്കുന്നത് 1033.62 കോടി രൂപയാണ്. |

| | | | |
|---|---|---|---|
| | | | **<u>ശബരിമല റോപ് വേ പദ്ധതി</u>**<br><br>ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതി പ്രകാരമുള്ള റോപ് വേ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ, നടത്തിപ്പ് എന്നിവ M/s EIGHTEENTH STEP DAMODAR CABLE CARS PRIVATE LIMITED എന്ന കമ്പനിയ്ക്ക് റവന്യൂ ഷെയർ അടിസ്ഥാനത്തിൽ നൽകി നിർമ്മാണ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. റോപ് വേ യാഥാർത്ഥ്യമാകുന്നതോടെ നിലവിൽ ട്രാക്ടറുകൾ ഉപയോഗപ്പെടുത്തി നടന്നുവരുന്ന, പമ്പയിൽ നിന്നും സന്നിധാനത്തേക്കും തിരിച്ചുമുള്ള ചരക്ക് നീക്കം പൂർണമായും റോപ് വേ ഉപയോഗപ്പെടുത്തിയാകും നടത്തുക. റോപ് വേ പദ്ധതിക്കായി പമ്പയ്ക്കും സന്നിധാനത്തിനും ഇടയിലുള്ള 4.5336 ഹെക്ടർ വനഭൂമി ഡൈവേർട്ട് ചെയ്യേണ്ടിവരുമെന്നതിനാൽ പ്രസ്തുത വനഭൂമിയ്ക്ക് പകരമായി പരിഹാരവനവത്കരണത്തിന് അനുയോജ്യമായ ഭൂമി ലഭിക്കാതെ പദ്ധതി അനിശ്ചിതത്വത്തിലാകും എന്ന സ്ഥിതി സംജാതമായപ്പോൾ പ്രശ്ന പരിഹാരത്തിനായി ബഹു. ദേവസ്വം വകുപ്പ് മന്ത്രി മുൻകൈയെടുത്ത് ബഹു. വനം വകുപ്പ് മന്ത്രിയുടെയും ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെയും കൂടി സാന്നിദ്ധ്യത്തിൽ സർക്കാർ തലത്തിൽ അഞ്ചോളം യോഗങ്ങൾ ചേരുകയും കൊല്ലം ജില്ലയിൽ കുളത്തൂപ്പുഴയിൽ റവന്യൂ, വനം വകുപ്പുകൾക്ക് സ്വീകാര്യമായ ഭൂമി കണ്ടെത്തുകയും പ്രസ്തുത ഭൂമി പരിഹാരവനവത്കരണത്തിനായി അനുവദിച്ചുകൊണ്ട് 16.11.2024-ലെ സ.ഉ.(കൈ)നം.230/2024/റവ നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത ഉത്തരവും അനുബന്ധ വിശദാംശങ്ങളും പരിവേഷ് പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. വനം, വന്യജീവി ക്ലിയറൻസ് എന്നിവയ്ക്കായി സംയുക്ത പരിശോധന നടത്തി തുടർനടപടികൾ സ്വീകരിച്ച് വരികയാണ്. |
| (സി) | ഇതിന്റെ ഭാഗമായി നിലയ്ക്കലിനെ സമ്പൂർണ്ണ ബേസ് ക്യാമ്പാക്കി ഒരു ടൗൺഷിപ്പ് സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (സി) | ശബരിമല മാസ്റ്റർപ്ലാൻ അതിനനുസൃതമായി തയ്യാറാക്കിയ നിലയ്ക്കൽ ലേ ഔട്ട് പ്ലാൻ എന്നിവ പ്രകാരം ശബരിമലയുടെ ബേസ് ക്യാമ്പായി നിലയ്ക്കലിനെയാണ് നിശ്ചയിച്ചിരിക്കുന്നത്. ബേസ് ക്യാമ്പിനാവശ്യമായ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നിലയ്ക്കൽ ലേ ഔട്ട് പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ലേ ഔട്ട് പ്ലാനിന് അനുസൃതമായി തീർത്ഥാടകർക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ച് വരുന്നത്. |

സെക്ഷൻ ഓഫീസർ